# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3109     15.12.15 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാനിയമം

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ ജയരാജ് :

(എ) ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നതിനായി ഇനിയും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) & (ബി) യഥാർത്ഥ മുൻഗണനാക്കാരെ കണ്ടെത്തിയതിനു ശേഷമേ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയുള്ളൂ. ഇതോടൊപ്പം വാതിൽപ്പടി റേഷൻ വിതരണം, പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം, പരാതി പരിഹാര സംവിധാനം എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

ദേശീയഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം മുൻഗണനാവിഭാഗത്തെ കണ്ടെത്തേണ്ടതായിട്ടുണ്ട്. കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തെ കുടുംബമേധാവി ആക്കിയാണ് റേഷൻ കാർഡുകൾ നൽകേണ്ടത്. ഇതിനായി ആവശ്യമായ വിവരശേഖരണം നടത്തുന്നതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തിന്റെയും വനിതകൾ ഇല്ലാത്തതോ 18 വയസ്സ് തികഞ്ഞ വനിതാ അംഗങ്ങൾ ഇല്ലാത്തതോ ആയ കുടുംബങ്ങളുടെ കാര്യത്തിൽ മുതിർന്ന പുരുഷ അംഗത്തിന്റെ ഫോട്ടോ എടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രീ-പോപ്പുലേറ്റഡ് ഫോറത്തിലൂടെ ലഭ്യമായ വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്താൻ ഗുണഭോക്താക്കൾക്ക് ഓൺലൈൻ വഴി അവസരം നൽകിയിരുന്നു. എന്നാൽ ഇതിലൂടെ ലഭ്യമായ പ്രതികരണം കുറവായതിനാൽ ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ കാർഡുടമകളുടെ പരിശോധനയ്ക്കായി അതാത് റേഷൻ കടകൾ വഴി ലഭ്യമാക്കിയതിൽ കാർഡുടമകൾ തിരുത്തൽ വരുത്തിയ

തിന്റെയടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഇപ്പോൾ പൂർത്തീകരിച്ച് വരികയാണ്. ഡേറ്റാ എൻട്രി പൂർത്തിയാക്കി അർഹരായ കുടുംബങ്ങളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിൻമേൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് സോഷ്യൽ ആഡിറ്റ് കമ്മിറ്റി അർഹരായ കുടുംബ ങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതുമാണ്. ഈ നടപടികൾ 2016 മാർച്ച് 31-നകം പൂർത്തിയാക്കി 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം (റേഷൻകടകളിൽ നേരിട്ട് വകുപ്പിന്റെ മേൽനോട്ടത്തിൽ റേഷൻ സാധനങ്ങൾ എത്തിക്കൽ) നടത്തേണ്ടതുണ്ട്

സംസ്ഥാനത്തെ റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ 10 കടകളിലും എറണാകുളം ജില്ലയിലെ 7 കടകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിയ്ക്കു കയും മറ്റ് ജില്ലകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കെൽട്രോണിനെയാണ് എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയോഗിച്ചിട്ടുള്ളത്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്റ്റേറ്റ് ഫുഡ് കമ്മീഷനും ജില്ലാതല പരാതി പരിഹാര സെല്ലും രൂപീകരിക്കേണ്ടതുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിലാക്കുന്ന തിന്റെ ഭാഗമായി 101 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത നിയമം എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | (സി) 2016 മാർച്ച് 31-നകം റേഷൻ കാർഡുകൾ വിതരണം ചെയ്ത് 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

Thelayn
*സെക്ഷൻ ഓഫീസർ*